A1/96/2025-CLAD
"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് അഞ്ചാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

G.O.(Rt)No.263/2026/CLAD തീയതി,തിരുവനന്തപുരം, 19-03-2026

---

പരാമർശം:-
1. 04.01.2021 ലെ 1/2021/FIN നമ്പർ സർക്കുലർ
2. സ.ഉ.(സാധാ )നം.235/2025/സാം.കാ.വ. തീയതി 26.04.2025
3. സ.ഉ. (സാധാ) നം.533/2025/സാം.കാ.വ. തീയതി 17.09.2025
4. സ.ഉ. (സാധാ) നം. 694/2025/സാം.കാ.വ തീയതി 26.11.2025
5. സ.ഉ. (സാധാ) നം.124/2026/സാം.കാ.വ. തീയതി 11.02.2026
6. പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ സെക്രട്ടറിയുടെ 25.02.2026 ലെ 23/എൻ. കെ.എഫ്/25-26/ഗ്രാന്റ് നം. കത്ത്
7. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 06.03.2026 ലെ എ2-589/25/സാം.വ. നം. കത്ത്

**<u>ഉത്തരവ്</u>**

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ 2025-26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 20,00,000/- രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (2) മുതൽ (5) വരെയുള്ള ഉത്തരവുകൾ പ്രകാരം നാല് ഗഡുക്കളായി 15,00,000/-രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. പരാമർശം (6) പ്രകാരം അഞ്ചാം ഗഡു അനുവദിക്കുന്നതിന് സ്ഥാപന സെക്രട്ടറി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരാമർശം (7) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ 2025-26 സാമ്പത്തിക വർഷം "2205-00-102-77-14 (നോൺ പ്ലാൻ) " ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം)അഞ്ചാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 799011400008037 എന്ന എസ്.റ്റി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും

അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത സാമ്പത്തിക വർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
JOINT SECRETARY

സെക്രട്ടറി, പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപ്പുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ (വിദ്യാ-ഡി) വകുപ്പ് (3122680/EDN-D1/79/2025-FIN dated 17.03.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba K P
Date: 19-03-2026 15:26:56
സെക്ഷൻ ഓഫീസർ